©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14 Vol. XIV	തിരുവനന്തപുരം, ബുധൻ Thiruvananthapuram, Wednesday	2025 ഡിസംബർ 31 31st December 2025 1201 ധനു 16 16th Dhanu 1201 1947 പൌഷം 10 10th Pousha 1947	നമ്പർ No.	4402

GOVERNMENT OF KERALA

Labour and Skills (E) Department

NOTIFICATION

G.O.(P)No.110/2025/LBR

Dated, Thiruvananthapuram,18th December, 2025
3rd Dhanu , 1201.

S. R. O. No. 1441/2025

In exercise of the powers conferred by sub-section (1) of section 10 of the Contract Labour (Regulation and Abolition) Act, 1970 (Central Act 37 of 1970), the Government of Kerala, after consultation with the State Advisory Contract Labour Board constituted under sub-section (1) of section 4 thereof, and after having considered the conditions of work and benefits provided for the contract labour in the institution of P.M.S. Dental College, Vattappara, Thiruvananthapuram and all

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

other relevant factors, having found that the employment in the cleaning category in the P.M.S. Dental College, Vattappara, Thiruvananthapuram, is of permanent nature, hereby prohibit, with effect from the date of publication of this notification in the Gazette, the employment of contract labour in the cleaning category in the said institution.

By order of the Governor,

Shanavas S.,

Special Secretary to Government.

Explanatory Note

(This does not form part of the notification, but is intended its general purport.)

Under sub-section (1) of section 10 of the Contract Labour (Regulation and Abolotion) Act, 1970 (Central Act 37 of 1970), Government may, after consultation with the State Advisory Contract Labour Board, prohibit, by notification in the Gazette, employment of contract labour in any process, operation or other work in any establishment. The complaint of the Private Hospital Workers Congress (INTUC (I)) regarding the contract labour employed in the institution of P.M.S. Dental College, Vattappara, Thiruvananthapuram were accordingly referred to the State advisory Contract Labour Board. The Advisory Board after considering all relevant factors in detail has advised the Government that as the employment in the cleaning category in the P.M.S. Dental College, Vattappara, Thiruvananthapuram is of a permanent nature, the employment of contract labour in cleaning category in the said institution may be prohibited. The Government, after examine the matter in detail, have decided to prohibit the employment of contract labour in the said category in the institution of P.M.S. Dental College, Vattappara, Thiruvananthapuram.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്.

വിജ്ഞാപനം

സ.ഉ.(അച്ചടി)നം.110/2025/തൊഴിൽ

തിരുവനന്തപുരം, തീയതി, 2025 ഡിസംബർ 18, 1201, ധനു 3.

എസ്. ആർ. ഒ. നമ്പർ 1441/2025

1970-ലെ കോൺട്രാക്റ്റ് തൊഴിലാളി (ക്രമപ്പെടുത്തയും നിറുത്തലും) ആക്റ്റിലെ (1970-ലെ 37-ാം കേന്ദ്ര ആക്റ്റ്) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട്, കേരള സർക്കാർ, പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സ്റ്റേറ്റ് ഉപദേശക കോൺട്രാക്റ്റ് തൊഴിലാളി ബോർഡുമായി കൂടിയാലോചിച്ചശേഷവും പി.എം.എസ് ഡെന്റൽ കോളേജ്, വട്ടപ്പാറ എന്ന സ്ഥാപനത്തിലെ കോൺട്രാക്റ്റ് തൊഴിലാളികളുടെ ജോലി സാഹചര്യവും ആനുകൂല്യങ്ങളും മറ്റു പ്രസക്തമായ കാര്യങ്ങളും പരിഗണിച്ചശേഷവും തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറയിൽ പ്രവർത്തിക്കുന്ന പി.എം.എസ് ഡെന്റൽ കോളേജിലെ ക്ലീനിംഗ് ജോലികൾ സ്ഥാപനത്തിന്റെ മുഖ്യപ്രവർത്തനവുമായി ബന്ധപ്പെട്ട സ്ഥിരസ്വഭാവമുള്ള ജോലിയായതിനാൽ പ്രസ്തുത സ്ഥാപനത്തിലെ ക്ലീനിംഗ് വിഭാഗങ്ങളിലെ കോൺട്രാക്റ്റ് തൊഴിൽ നിയമനം ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രാബല്യത്തിൽ ഇതിനാൽ നിരോധിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഷാനവാസ് എസ്

ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1970-ലെ കോൺട്രാക്റ്റ് തൊഴിലാളി (ക്രമപ്പെടുത്തലും നിറുത്തലാക്കലും) ആക്റ്റിലെ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന്, സ്റ്റേറ്റ് ഉപദേശക കോൺട്രാക്റ്റ് തൊഴിലാളി ബോർഡുമായി കൂടിയാലോചിച്ച ശേഷം ഏതെങ്കിലും സ്ഥാപനത്തിൽ ഏതെങ്കിലും പ്രക്രിയയിലോ പ്രവർത്തനത്തിലോ മറ്റ് പ്രവൃത്തിയിലോ കോൺട്രാക്റ്റ് തൊഴിൽ നിയോജനം വിജ്ഞാപനം മുഖേന നിരോധിക്കാവുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറയിൽ പ്രവർത്തിക്കുന്ന പി.എം.എസ് ഡെന്റൽ കോളേജ് കോൺട്രാക്റ്റ് തൊഴിൽ നിയമനം സംബന്ധിച്ച് പ്രൈവറ്റ് ഹോസ്പിറ്റൽ വർക്കേഴ്സ് കോൺഗ്രസ്സിന്റെ (ഐ.എൻ.റ്റി.യു.സി (ഐ)) പരാതി പരിശോധനയ്ക്കായി സർക്കാർ സ്റ്റേറ്റ് ഉപദേശക കോൺട്രാക്റ്റ് തൊഴിലാളി ബോർഡിന് കൈമാറുകയും അതനുസരിച്ച് ഉപദേശക ബോർഡ് പ്രസക്തമായ എല്ലാ കാര്യങ്ങളും വിശദമായി പരിഗണിച്ചശേഷം, സ്ഥാപനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട സ്ഥിരസ്വഭാവമുള്ള ജോലിയായതിനാൽ ക്ലീനിംഗ് വിഭാഗങ്ങളിലെ കോൺട്രാക്റ്റ് തൊഴിൽ നിയമനം നിരോധിക്കുവാൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. സർക്കാർ, പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച ശേഷം വട്ടപ്പാറ പി.എം.എസ്. ഡെന്റൽ കോളേജ്-ലെ പ്രസ്തുത വിഭാഗത്തിലെ കോൺട്രാക്റ്റ് തൊഴിൽ നിയമം നിരോധിക്കുന്നതിന് തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.31 08:58:26 +05:30